(1701) പോലീസുകാർക്കുള്ള എട്ടുമണിക്കൂർ ഡ്യൂട്ടി സമ്പ്രദായം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പോലീസുകാർക്ക് എട്ടുമണിക്കൂർ ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുള്ള പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം;

(ബി) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പോലീസ് സ്റ്റേഷൻ ഇതിൽ ഉൾപ്പെടുമോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത സ്റ്റേഷനിൽ എട്ടുമണിക്കൂർ ഡ്യൂട്ടി ഏർപ്പെടുത്താത്തത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 72 പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർക്ക് എട്ടുമണിക്കൂർ ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†

(ബി)&(സി) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സമീപകാലത്ത് ഹരിപ്പാടിനടുത്ത് പള്ളിപ്പാട്ട്, നേണ്ടൂർ ഭാഗങ്ങളിൽ തുടർച്ചയായുണ്ടായ അധിക നിയമ പരിപാലന ആവശ്യങ്ങൾക്ക് കൂടുതൽ പോലീസുകാരെ വിന്യസിക്കേണ്ടി വന്നതിനാലും അതിന്റെ ഫലമായി ഹരിപ്പാട് പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥന്മാരുടെ അംഗസംഖ്യ കുറഞ്ഞതിനാലും ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ താൽക്കാലികമായി എട്ടുമണിക്കൂർ ഷിഫ്റ്റ് സമ്പ്രദായം നിർത്തിവച്ച് സാധാരണ ഡ്യൂട്ടിക്രമം പാലിച്ചുവരികയാണ്. എട്ടുമണിക്കൂർ ഡ്യൂട്ടി സമ്പ്രദായം താമസംവിനാ പുനരാരംഭിക്കുന്നതാണ്.

(1703) കൂത്തുപ്പറമ്പിൽ നടന്ന പോലീസ് വെടിവയ്പ്പ്

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പിൽ ഡി.എഫ്.ഐ. പ്രവർത്തകരെ പിരിച്ചുവിടാൻ പോലീസ് നടത്തിയ വെടിവയ്പ്പും അതിനെത്തുടർന്നുള്ള സംഭവങ്ങളും സി.ബി.ഐ. അന്വേഷിക്കണമെന്ന് കോടതിവിധിയുണ്ടായതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ച വിദഗ്ദ്ധ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) രാഷ്ട്രീയ വൈരംമൂലം ഒരു മുൻമന്ത്രിയെ മനഃപൂർവ്വം പ്രതിയാക്കണമെന്ന മുൻവിധി ഈ കേസ്സിൽ ഉണ്ടായിട്ടുള്ളതായി സംശയിക്കേണ്ടിയിരിക്കുന്നുവെന്ന അഭിപ്രായം കോടതി രേഖപ്പെടുത്തിയതായി അറിവുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly